# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 92 28.01.2019- ൽ മറുപടിയ്ക്ക്

### ഒമാനിൽ കുടുങ്ങിയ മിനി ചുണ്ടയിലിനെ നാട്ടിൽ എത്തിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ജോലി ആവശ്യാർത്ഥം യു.എ.ഇ.യിൽ നിന്നും ഒമാനിലേയ്ക്ക് പോയ കൂടരഞ്ഞി കക്കാടംപൊയിൽ സ്വദേശിനി ശ്രീമതി. മിനി ചുണ്ടയിലിനെ നാട്ടിലെത്തിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) | ശ്രീമതി മിനി ചുണ്ടയിലിനെ ഒമാനിൽ നിന്നും നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി ത്രേസ്യാമ്മ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച വിഷയത്തിന്മേൽ ഒമാനിലെ ഇൻഡ്യൻ എംബസ്സിയുടെ സഹായം തേടിയിരുന്നു. ശ്രീമതി മിനി ചുണ്ടയിൽ-നെ ഫോൺ മുഖാന്തിരം ബന്ധപ്പെടുവാൻ ശ്രമിച്ചെങ്കിലും പ്രസ്തുത ഫോൺ നമ്പർ സാധുവായതല്ലാത്തിനാൽ ആയതിന് കഴിഞ്ഞില്ലിട്ടില്ലാത്തതാണെന്നും, തുടർന്ന് ടിയാളുടെ സ്പോൺസറായ ശ്രീ ദർവേഷിനെയും ടിയാളുടെ മകനെയും ഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ അവർ ശ്രീമതി മിനി ചുണ്ടയിലിന്റെ വിഷയത്തിൽ പ്രതികരിക്കുവാൻ തയ്യാറായിട്ടില്ലെന്നും, ടിയാൾ അവരോടൊപ്പം ജോലി ചെയ്യുന്നുണ്ടോയെന്ന വിവരം പോലും സ്ഥിരീകരിക്കുവാൻ അവർ തയ്യാറായിട്ടില്ലെന്നും, ആയതിനാൽ ഈ വിഷയത്തിൽ ഒമാനിലെ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഒമാനിലെ ഇൻഡ്യൻ എംബസ്സിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ വിവരം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി മിനിയെ നടപടിക്രമങ്ങൾ പാലിക്കാതെ ഒമാനിലേക്ക് കൊണ്ടുപോയ ഏജന്റുമാർക്കെതിരെ കർശന നടപടിയെടുത്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവി, എൻ.ആർ.ഐ സെൽ പോലീസ് സൂപ്രണ്ട് എന്നിവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇവരെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | ഒമാനിലെ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് ഒമാനിലെ ഇന്ത്യൻ എംബസ്സി മുഖാന്തിരം തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ